# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1406** **03.12.2015-ൽ മറുപടിക്ക്**

## ആനക്കയം പാലത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.റ്റി.യു. കുരുവിള | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പു മന്ത്രി |
|---|---|
| (എ) 17.5 കോടി രൂപ അനുവദിച്ചിട്ടുള്ള ആനക്കയംപാലത്തിന്റെ നിർമ്മാണം നീണ്ടു പോകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) രണ്ട് കുടികളിൽ നിന്നും ആദിവാസികളുടെ അപേക്ഷകൾ ഉണ്ടായിട്ടും ആറ് സെന്റ് സ്ഥലം വനം വകുപ്പ് വിട്ടു നൽകാത്തത് മൂലം ആദിവാസികളും ടൂറിസ്റ്റുകളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുമോ; | (എ) & (ബി) വനം വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടാത്തതുകൊണ്ടാണ് ആനക്കയം പാലത്തിന്റെ നിർമ്മാണം നീണ്ടുപോകുന്നത്. ആവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പാലം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) ഇതു സംബന്ധിച്ച് വനം വകുപ്പിന്റെ നിലപാട് തിരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) & (ഡി) ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മലയാറ്റൂർ ഡി.എഫ്.ഒ.യും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായി 6.08.2015-ൽ പാലം നിർമ്മാണത്തിനുള്ള സ്ഥല പരിശോധന നടത്തുകയുണ്ടായി. അതിൽ 6 സെന്റ് സ്ഥലം പാലം നിർമ്മാണത്തിന് അത്യാവശ്യമാണെന്ന് കണ്ടെത്തുകയും ടി സ്ഥലം വനംവകുപ്പിൽ നിന്ന് വിട്ടുകിട്ടുന്നതിന് മലയാറ്റൂർ ഡി.എഫ്.ഒ.യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് പാലം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ